വയനാട് ജില്ലയിലേക്ക് ടൂറിസ്റ്റുകൾക്ക് വരുന്നതിന് സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

106 (4714) ശ്രീ. എ. സുജനപാൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി കോഴിക്കോട്-മാനന്തവാടി, തലശ്ശേരി-മാനന്തവാടി റോഡുകൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിലേക്ക് ടൂറിസ്റ്റുകൾക്ക് വരുന്നതിന് എന്തെല്ലാം വിധത്തിൽ സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) വയനാട് ജില്ല ഒരു ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല. എന്നാലും ജില്ലയിലെ സഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് നീക്കിവച്ച തുകയുടെ വിനിയോഗം

107 (4715) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് 2002-03 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പ്ലാനിന്റെ ഭൗതിക ലക്ഷ്യം എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞു ;

(ബി) ഈ ഇനത്തിലുള്ള തുക ചെലവാക്കാൻ കഴിയാതെ വാപ്സായി പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രമാത്രം തുകയാണ് ഇപ്രകാരം വാപ്സായി പോയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-03 വർഷം പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഓരോ പദ്ധതിക്കും പ്രത്യേക ഭൗതിക ലക്ഷ്യം നിശ്ചയിച്ചിരുന്നു. പദ്ധതി തിരിച്ചുള്ള ഭൗതിക നേട്ടത്തിന്റെ വിശദവിവരം* അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 92.65 ശതമാനം ഭൗതികലക്ഷ്യം കൈവരിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-03 വർഷം പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി വകയിരുത്തിയിരുന്ന 12134.26 ലക്ഷം രൂപയിൽ (കേന്ദ്രസഹായ പദ്ധതികൾ ഉൾപ്പെടെ) 9516.25 ലക്ഷം രൂപ ചെലവഴിച്ചു. ഇതിൽ പ്രധാനപ്പെട്ട പദ്ധതികളായ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണത്തിന് വകയിരുത്തിയിരിക്കുന്ന തുക പൊതുമരാമത്ത് വകുപ്പിന്റെ വർക്സ് ബഡ്ജറ്റിലാണ്. നിർമ്മാണ പ്രവർത്തികളിൽ ഉണ്ടാകുന്ന കാലതാമസം പ്രസ്തുത പദ്ധതികളുടെ ചെലവിനത്തിൽ കുറവ് ഉണ്ടാക്കുന്നു. കൂടാതെ പദ്ധതിനിർവ്വഹണത്തിനുള്ള തുക ട്രഷറിയിൽനിന്നും മാറി ലഭിക്കുന്നതിന് ഉണ്ടാകുന്ന ട്രഷറി നിയന്ത്രണങ്ങളും മൂലം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വരുന്നു.

പട്ടികജാതി വികസന വകുപ്പിൽ തുക ലാപ്സായിട്ടില്ല. 7.35% ബാക്കി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

(സി) പട്ടികവർഗ്ഗവികസന വകുപ്പിൽ ആകെ വകയിരുത്തിയിരുന്ന 12134.26 ലക്ഷം രൂപയിൽ 2618.01 ലക്ഷം രൂപയാണ് ചെലവഴിക്കാൻ സാധിക്കാത്തത്. ഇതിൽ 1600.00 ലക്ഷം രൂപ പ്രത്യേക കേന്ദ്രസഹായ ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചതാണ്. പ്രസ്തുത തുക ചെലവഴിക്കുന്നതിലേക്കുവേണ്ടി 2003-04 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി വകുപ്പിന്റെ ചെലവ്, സറണ്ടർ എന്നിവ സംബന്ധിച്ച വിവരങ്ങൾ* അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.

ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കണ്ടെത്തിയ ഭൂമി

108 (4716) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് എത്ര ഹെക്ടർ ഭൂമി വേണ്ടിവരും ;

(ബി) ട്രൈബൽ മിഷൻ ഇതിനുവേണ്ടി എത്ര ഹെക്ടർ ഭൂമി കണ്ടെത്തി ;

(സി) ഇതിൽ എത്ര ഹെക്ടർ ഭൂമി കൃഷിക്ക് അനുയോജ്യമാണ് ;

(ഡി) ആദിവാസികൾക്ക് വനഭൂമി നല്കുന്നതിനെതിരെ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ എങ്കിൽ അതിന്റെ വിശദാംശം നല്കുമോ ?

ഉത്തരം

(എ) പ്രാരംഭ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് 22052 ഭൂരഹിത ആദിവാസി കുടുംബങ്ങളാണുള്ളത്. ഇവർക്ക് 5 ഏക്കർ വീതം ഭൂമി നല്കണമെങ്കിൽ 44104 ഹെക്ടർ ഭൂമിയും ഒരേക്കർ വീതം നല്കണമെങ്കിൽ 8928 ഹെക്ടർ ഭൂമിയും ലഭ്യമാവണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly